പുതുക്കി പണിത കിളിമാനൂർ കെ.എസ്.ആർ.ടി.സി മന്ദിരം മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റുന്നു

നെയ്യാറ്റിൻകര: സംസ്ഥാന അതിർത്തി പ്രദേശങ്ങളിൽ നിന്നും ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണം വർധിച്ചു. മതിയായ സംവിധാനങ്ങളില്ലാതെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റുന്നു. കന്യാകുമാരി ജില്ലയിൽ ഡെങ്കി, എച്ച് 1 എൻ 1 ബാധിച്ച് അഞ്ചു പേരാണ് ഇതിനോടകം മരിച്ചത്. രണ്ടു പേർ ചികിത്സയിലാണ്. വൈറൽ പനിക്കു ചികിത്സ തേടിയാണ് നല്ലൊരു ശതമാനം പേരും സർക്കാർ, സ്വകാര്യ ആശുപത്രികളിലെത്തുന്നത്. എന്നാൽ രോഗം മൂർച്ഛിക്കുമ്പോഴേയ്ക്കും സ്ഥിതി തീർത്തും ഗുരുതരമാകുകയും ചെയ്യുന്നു. കുഴിത്തുറ, മാർത്താണ്ഡം, തക്കല, കരുങ്കൽ, കളിയൽ, കുലശേഖരം, അരുമന മുതലായവിടങ്ങളിലാണ് പനി വ്യാപകമായി പടർന്നു പിടിച്ചിരിക്കുന്നത്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ആശുപത്രികളും പലയിടത്തും ഡോക്ടർമാരുടെയും മറ്റും അഭാവത്തിൽ വീർപ്പുമുട്ടുമ്പോഴാണ് ചികിത്സ തേടി ആയിരങ്ങൾ ദിനംപ്രതി എത്തുന്നതെന്നതും യാഥാർഥ്യം. ആവശ്യത്തിനു മരുന്നും മിക്കയിടത്തുമില്ലെന്നും പരാതിയുണ്ട്. ഈ സാഹചര്യത്തിലാണ് പലരും അതിർത്തിക്കിപ്പുറത്തെ ആശുപത്രികളിലെത്തുന്നത്.

പാറശാല, നെയ്യാറ്റിൻകര താലൂക്ക് ആശുപത്രികളിലും അതിർത്തിപ്രദേശങ്ങളിൽ നിന്നും നിരവധി പേർ പനിബാധിതരായി കഴിഞ്ഞ ദിവസങ്ങളിലെത്തിയിരുന്നു. എന്നാൽ ഇവിടെയും അവസ്ഥ അത്രയ്ക്ക് ആശ്വാസകരമല്ല. ഡോക്ടർമാരുടെ കുറവ് തന്നെയാണ് പ്രധാന വിഷയം. രാവിലെ മുതലേ ഒ.പി യിൽ പ്രത്യക്ഷപ്പെടുന്ന രോഗികളുടെ നീണ്ട നിരയും ഡോക്ടർമാരെ കാണാൻ മണിക്കൂറുകളോളം കാത്തു നിൽക്കേണ്ടിവരുന്ന അവരുടെ ഗതികേടും പതിവു കാഴ്ചകളായി മാറിയിരിക്കുകയാണ്. നിലവിലുള്ള ഡോക്ടർമാരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ഡ്യൂട്ടി സമയത്തിനുള്ളിൽ നൂറുകണക്കിനു രോഗികളെ പരിശോധിക്കേണ്ട സ്ഥിതിയും. ആവശ്യത്തിനു ഡോക്ടർമാരെ നിയമിക്കുമെന്നും മറ്റു അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്നുമുള്ള സർക്കാരിന്റെ ഉറപ്പ് ജലരേഖയായെന്ന് പരക്കെ ആക്ഷേപമുണ്ട്.

രാഷ്ട്രീയക്കാർ നിലപാട് വ്യക്തമാക്കണം: നാസറുദീൻ

കൊല്ലം: വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് വ്യാപാരികൾ നടത്തുന്ന പ്രക്ഷോഭത്തെക്കുറിച്ച് രാഷ്ട്രീയപാർട്ടികൾ നിലപാട് വ്യക്തമാക്കണമെന്ന് വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് ടി.നാസറുദീൻ ആവശ്യപ്പെട്ടു. അവരുടെ അഭിപ്രായം അറിഞ്ഞശേഷം സമിതി തെരഞ്ഞെടുപ്പിൽ തങ്ങളുടെ നിലപാട് തീരുമാനിക്കും.പഞ്ചായത്ത് തെരഞ്ഞെടുപ്പിലും അസംബ്ലി തെരഞ്ഞെടുപ്പിലും മുന്നണികളോട് സമിതി സീറ്റ് ആവശ്യപ്പെടും. രാജ്യസഭയിലും തങ്ങൾക്ക് പ്രാതിനിധ്യം വേണമെന്നും നാസറുദീൻ പറഞ്ഞു. ഇവരുടെ സമീപനം നോക്കിയായിരിക്കും പിന്തുണ നൽകുക.

ഇക്കുറി വ്യാപാരികളുടെ ശബ്ദം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മുഴങ്ങും. ചിലപ്പോൾ ഒറ്റയ്ക്കോ അല്ലെങ്കിൽ മുന്നണിയുമായി സഹകരിച്ചോ അതുമല്ലെങ്കിൽ ആരെങ്കിലും സഹായിച്ചോ പഞ്ചായത്ത് ഭരണസമിതികളിൽ വ്യാപാരികൾ പ്രാതിനിധ്യം ഉറപ്പിക്കുമെന്നും അദ്ദേഹം അവകാശപ്പെട്ടു.സമതിയുടെ തൊഴിൽ സംരക്ഷണ വാഹനജാഥ ഇന്നു തിരുവനന്തപുരത്ത് സമാപിക്കും. സമിതി ഉന്നയിക്കുന്ന ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഇന്നലെ ഉച്ചയ്ക്ക് സമിതി നേതാക്കൾ ഗവർണറെ കണ്ട് നിവേദനം നൽകി.

ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിൽ ഇപ്പോഴും ദേശീയ പാതയില്ലായെന്ന വസ്തുത ഉൾക്കൊള്ളണം. നാടിന് അനുസൃതമായ വികസന കാഴ്ചപ്പാടാണ് വേണ്ടത്. അതിനാൽ കേരളത്തിന് അനുസൃതമായ പാത വരുന്നതിൽ വ്യാപാരികൾക്ക് എതിർപ്പില്ല.എന്നാൽ വ്യാപാരി സമൂഹത്തെ ഉന്മൂലനം ചെയ്തുകൊണ്ടുള്ള ഒരു നടപടികളും അംഗീകരിക്കില്ല. സംസ്ഥാനത്തെ റോഡുകളെല്ലാം കുളമായി കിടക്കുമ്പോൾ ഉള്ള റോഡ് സഞ്ചാര യോഗ്യമാക്കാതെ ചിലർ സ്ഥലമെടുപ്പിന്റെ പേരിൽ രക്ഷപ്പെടാൻ ശ്രമിക്കുകയാണ്.

ദേശീയപാതയുടെ വീതി 45 മീറ്ററായി ഉയർത്തിയാൽ കേരളത്തിലെ ഒമ്പത് ലക്ഷത്തോളം വ്യാപാരികൾ തൊഴിൽരഹിതരാകും. ഭൂമി വിട്ടുകൊടുക്കുന്നവർക്ക് വസ്തുവിന് കമ്പോള വില നൽകണമെന്നും കടകൾ ഇല്ലാതാകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകണമെന്നും നാസറുദീൻ ആവശ്യപ്പെട്ടു.ദേശീയപാതയ്ക്കായി കാൽനൂറ്റാണ്ടിന് മുമ്പ് ഏറ്റെടുത്ത വസ്തുപോലും റോഡായി മാറാതെ കിടക്കുന്നുണ്ട്. വിമാനത്താവളത്തിന്റെ റൺവേയുടെ ദൈർഘ്യം കുറയ്ക്കാൻ കഴിയുമെങ്കിൽ ദേശീയപാതയുടെ വീതിയും 30 മീറ്ററായി നിജപ്പെടുത്തിക്കൂടേയെന്നും അദ്ദേഹം ചോദിച്ചു.

നിരോധിച്ച പാൽ വീണ്ടും വിപണിയിൽ

തിരുവനന്തപുരം: നിരോധിച്ച പാൽ വീണ്ടും വിപണിയിൽ സുലഭം. നഗരങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും തട്ടുകടകൾ കേന്ദ്രീകരിച്ചും വീടുകൾ കേന്ദ്രീകരിച്ചും നിരോധിച്ച പായ്ക്കറ്റ് പാൽ പുതിയ ബ്രാന്റുകളിലാണ് വിപണിയിൽ സജീവമായിരിക്കുന്നത്. മിൽമ പാലിനെക്കാൾ കമ്മീഷൻ ലഭിക്കുന്നതുകൊണ്ട് ഇവയുടെ ഏജൻസികൾ എടുക്കുന്നതിന് പല കടക്കാരും താത്പര്യം കാണിക്കുന്നു.

തമിഴ്നാട്ടിൽ നിന്നും അറുപതിലധികം ബ്രാൻഡുകളിലായാണ് ലക്ഷക്കണക്കിന് ലിറ്റർ പാൽ സംസ്ഥാനത്തേക്ക് വിൽപനയ്ക്ക് എത്തുന്നത്. ഇവയെല്ലാം മായം കലർത്തിയതിന്റെയും കൃത്രിമത്തിന്റെയും പേരിൽ സർക്കാർ നിരോധിച്ച പായ്ക്കറ്റ് പാലുകളാണ്. ഉപഭോക്താവിനെ ആകർഷിക്കുന്ന തരത്തിലാണ് കവറുകൾ നിർമിച്ചിരിക്കുന്നത്. മറ്റു പാലുകൾ എത്തുന്നതിന് മുമ്പു തന്നെ തമിഴ്നാട്ടിൽ നിന്നും പുലർച്ചേ കടകളിലും റോഡ് വശങ്ങളിലെ വീടുകളിലും പാൽ എത്തുന്നു. റോഡ് വശങ്ങളിലെ വീടുകൾ കേന്ദ്രീകരിച്ചാണ് വ്യാപകമായി ഇവയുടെ ഏജൻസികൾ നൽകിയിരിക്കുന്നത്. ജില്ലയിലെ പല പ്രധാന ഹോട്ടലുകളിലും തമിഴ്നാട്ടിൽ നിന്നുമുള്ള നിരോധിച്ച പാലാണ് ഉപയോഗിക്കുന്നതെന്ന് പരാതി വ്യാപകമായിരിക്കുകയാണ്.

റീടാറിംഗ് പേരിനു മാത്രം; കരാറുകാർ ലക്ഷങ്ങൾ തട്ടിയെടുക്കുന്നു

കോട്ടയം: പാതയോരങ്ങളിൽ കേബിളുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തി കരാറുകാർ ലക്ഷങ്ങൾ തട്ടിയെടുക്കുന്നു. ഇതുവഴി സ്വകാര്യകമ്പനികളിൽനിന്ന് സർക്കാരിന് ലഭിക്കേണ്ട ലക്ഷങ്ങളാണ് നഷ്ടപ്പെടുന്നത്. പൊതുമരാമത്ത് വകുപ്പിലെ ഒരുവിഭാഗം ഉദ്യോഗസ്ഥരും കരാറുകാരും ചേർന്നാണ് വ്യാപകതട്ടിപ്പ്.

കേബിൾ ഇടുന്നതിന് റോഡും റോഡിന്റെ വശങ്ങളും വെട്ടിപ്പൊളിക്കുന്നവർ തന്നെ പൂർവസ്ഥിതിയിലാക്കണം എന്ന വ്യവസ്ഥയാണ് ഇവർക്ക് സഹായമായിട്ടുള്ളത്. മുമ്പ് കരാറുകാർ സർക്കാരിൽ പണമടച്ച് പൊതുമരാമത്ത് വകുപ്പ് നേരിട്ട് നിർമാണപ്രവർത്തനം നടത്തിയപ്പോൾ വൻ തുക ഖജനാവിലേക്ക് ലഭിക്കുകയും റോഡിന്റെ സ്ഥിതി താരതമ്യേന മെച്ചവുമായിരുന്നു.പുതിയ നിയമപ്രകാരം റോഡ് വെട്ടിപ്പൊളിക്കുന്നവർ തന്നെ പേരിനുമാത്രം അറ്റകുറ്റപ്പണികൾ നടത്തുന്നതിനാൽ ദിവസങ്ങൾക്കുള്ളിൽ വശങ്ങൾ ഇടിഞ്ഞ് താഴുന്നു.

ഒരുമീറ്റർ നീളം കുഴിമൂടുന്നതിന് നിശ്ചിത തുക സർക്കാരിൽ അടയ്ക്കണമെന്ന വ്യവസ്ഥയാണ് മുമ്പുണ്ടായിരുന്നത്. ടാർ കട്ടിംഗ്, കോൺക്രീറ്റ് കട്ടിംഗ്, എർത്ത് കട്ടിംഗ് എന്നിങ്ങനെ മൂന്നുതരത്തിൽ വിഭജനം നടത്തി ഇതിന്റെ അടിസ്ഥാനത്തിലുള്ള തുകയായിരുന്നു റോഡിന്റെ വശങ്ങൾ കുഴിക്കുന്ന സ്ഥാപനങ്ങൾ സർക്കാരിലേക്ക് നല്കേണ്ടിയിരുന്നത്. തുടർന്ന് പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ നടത്തുമെന്നതായിരുന്നു വ്യവസ്ഥ.വെട്ടിപ്പൊളിക്കുന്ന റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ പൊതുമരാമത്ത് വകുപ്പ് കാലതാമസമുണ്ടാക്കുന്നുവെന്ന പ്രചാരണമുണ്ടായതിനെത്തുടർന്ന് വെട്ടിപ്പൊളിക്കുന്നവർ തന്നെ റോഡ് പൂർവസ്ഥിതിയിലാക്കണമെന്ന നിർദേശം സമീപകാലത്തുണ്ടായി. ഇതോടെ വൻ തട്ടിപ്പും ആരംഭിച്ചു.

സർക്കാർ വ്യവസ്ഥപ്രകാരം കരിങ്കൽ ക്വാറികളിൽനിന്നുള്ള കല്ലും പൊടിയും ചേർന്ന മിശ്രിതം ആദ്യം കുഴിമൂടുന്നതിനായി നിക്ഷേപിക്കണം. അല്ലെങ്കിൽ കരിങ്കൽ പാളികൾ നിരത്തണം. ഇവ നന്നായി ഉറപ്പിച്ചശേഷം രണ്ടുതവണ സോളിംഗ് നടത്തി റോളറുകൾ ഉപയോഗിച്ച് നന്നായി ഉറപ്പിച്ച ശേഷം മാത്രമേ ടാറിംഗ് നടത്താവു. ഇത്തരത്തിൽ ടാറിംഗ് നടത്തിയാൽ റോഡിന്റെ വശങ്ങൾ ഭാരവണ്ടികൾ കയറിയാലും തകരില്ല.സ്വകാര്യ കമ്പനികൾ നേരിട്ട് നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തതോടെ വെട്ടിപ്പൊളിച്ചിടത്ത് കല്ലു പാകി പേരിന് ടാറിംഗ് നടത്തി രക്ഷപ്പെടുകയാണ്. ഇത്തരത്തിൽ നിർമാണം നടത്തി തകർന്ന റോഡിനുദാഹരണമാണ് കെഎസ്ടിപിയുടെ മേൽനോട്ടത്തിൽ നിർമാണം പൂർത്തിയാക്കിയ ഏറ്റുമാനൂർ–വൈക്കം റോഡിലെ തലയോലപ്പറമ്പ്, കടുത്തുരുത്തി മേഖല.

തേക്കടി മൂന്നാർ പാതയുടെ വശങ്ങളും ഇത്തരത്തിൽ ഇടിഞ്ഞുതാണു. സ്വകാര്യ കമ്പനി വെട്ടിപ്പൊളിച്ച റോഡിന്റെ വശങ്ങൾ ടാറിംഗ് നടത്തി ആഴ്ച്ചകൾക്കുള്ളിൽ ഇടിഞ്ഞു താഴുകയായിരുന്നു.ചരക്ക് വാഹനങ്ങൾ ഉൾപ്പെടെയുള്ളവ ഈ ഗർത്തങ്ങളിൽ വീഴുകയും ചെയ്തു. സ്വകാര്യ കമ്പനികളും പൊതുമരാമത്ത് ഉദ്യോഗസ്ഥരും ചേർന്നുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് ഇത്തരം നടപടികൾക്ക് പിന്നിലുള്ളത്.ചുരം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ മണ്ണ് വലിച്ചിട്ട് കല്ലുകെട്ടിയ ഭാഗങ്ങളിൽ കേബിൾ ഇടുന്നതിനായി കുഴികളെടുക്കരുതെന്ന നിർദേശവും മൂന്നാർ റോഡ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ലംഘിക്കപ്പെടുന്നു. പുതിയ തീരുമാനപ്രകാരം ഇടനിലക്കാരും ഉദ്യോഗസ്ഥരും കീശ വീർപ്പിക്കുകയും റോഡിന്റെ അവസ്ഥ ശോചനീയമാകുകയും ചെയ്യുന്ന അവസ്ഥ സംജാതമായിരിക്കുകയാണ്.

മുഖ്യമന്ത്രി മുസ്‌ലിം സമുദായത്തോട് മാപ്പു പറയണം: കെ. എം. മാണി

തിരുവനന്തപുരം: വിവാദ പ്രസ്താവന നടത്തിയ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ മുസ്‌ലിം സമുദായത്തോട് മാപ്പുപറയണം എന്ന് കേരള കോൺഗ്രസ് എം ചെയർമാൻ കെ.എം മാണി എംഎൽഎ. ഹൈന്ദവരേയും ക്രൈസ്തവരേയും മുസ്‌ലിംകളേയും തമ്മിലടിപ്പിച്ച് കലാപമുണ്ടാക്കാനാണ് അച്യുതാനന്ദനും പിണറായിയും ശ്രമിക്കുന്നത്. ഇനി പാർട്ടിക്ക് ഒരു തിരിച്ചുവരവിന് സാധ്യത ഇല്ലെന്നു മനസിലായപ്പോൾ തങ്ങൾക്കൊപ്പം സർവതും നശിക്കട്ടെ എന്ന ദുഷ്ചിന്തയിൽനിന്നാണ് ജനനേതാക്കളിൽനിന്നും ഇത്തരമൊരു പ്രസ്താവന ഉണ്ടായത്.ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ വാക്കുകൾ വിശ്വസിച്ച് കേരളത്തെ കാത്തുസൂക്ഷിച്ച ഒരു സമുദായത്തെ ആണ് മുഖ്യമന്ത്രി വേദനിപ്പിച്ചത്.

സിപിഎമ്മാണ് വർഗ്ഗീയ കക്ഷികളെ കൂട്ടുപിടിച്ച് ഇവിടെ തീവ്രവാദം വളർത്തിയത്. പോലീസ് സ്റ്റേഷൻ ഭരണം പാർട്ടിക്ക് വിട്ടുകൊടുത്തതുകൊണ്ടാണ് തീവ്രവാദം വളർന്നത്.പോലീസിനു പോലും ഒരു സുരക്ഷയുമില്ല.ആഭ്യന്തര വകുപ്പ് തളർന്നു. ഇന്റലിജൻസിന്റെ റിപ്പോർട്ട് ഗൗരവമായി എടുത്ത് നടപടികൾ എടുത്തിരുന്നെങ്കിൽ അധ്യാപകന്റെ കൈവെട്ടിയ സംഭവം ഉണ്ടാകില്ലായിരുന്നു.

ഇന്ന് നടക്കുന്നത് മുഴുവൻ അഴിമതിയാണ്. സർക്കാർ അഴിമതി നടത്തുകയും അഴിമതിക്കാരെ സംരക്ഷിക്കുകയും ചെയ്യുന്നു.ലോട്ടറിയുടെ പേരിൽ വൻ കൊള്ള നടക്കുന്നു. ഇന്ന് സിപിഎമ്മിന് പാവപ്പെട്ടവരുമായി യാതൊരു ബന്ധവും ഇല്ല. അവർക്കുവേണ്ടി ശബ്ദിക്കാൻ സിപിഎമ്മിനു കഴിയുന്നില്ല. കാരണം അവർ കോടീശ്വരന്മാരുടെ പാർട്ടിയായി. പ്രത്യയശാസ്ത്രപരമായ തകർച്ചയാണ് ഇത്.

ലോകമെങ്ങും കമ്മ്യൂണിസം തകർന്നു കഴിഞ്ഞു. ഒരു തിരിച്ചുവരവ് അവർക്കില്ല–അദ്ദേഹം പറഞ്ഞു.പിന്നോക്കം നിൽക്കുന്നവർക്കു വേണ്ടിയും പാവങ്ങൾക്കും തൊഴിലാളികൾക്കും അവശത അനുഭവിക്കുന്നവർക്കും അധ്വാനിക്കുന്നവർക്കും വേണ്ടി നിലകൊള്ളുന്ന പാർട്ടിയാണ് കേരള കോൺഗ്രസ്. ശക്തരായ കേരള കോൺഗ്രസ് ഒരുമിച്ചപ്പോൾ അതിശക്തരായി. ഇനിയും കേരള കോൺഗ്രസ് ശക്തി ആർജിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ചിന്നക്കട അടിപ്പാതയ്ക്ക് സർവേ ആരംഭിച്ചു

കൊല്ലം: കോർപ്പറേഷൻ ചിന്നക്കടയിൽ ആരംഭിക്കുന്ന അടിപ്പാത നിർമാണവുമായി ബന്ധപ്പെടുള്ള സംയുക്ത സർവേ ഇന്നലെ നടന്നു. റെയിൽവേ അധികൃതരും കോർപ്പറേഷൻ അധികൃതരും തമ്മിൽ ജില്ലാ കളക്ടർ എ.ഷാജഹാന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിലായിരുന്നു സർവേ.

സർവേയിൽ റെയിൽവേയുടെയും കോർപ്പറേഷന്റെയും എൻജിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരും കൊല്ലത്തെ റവന്യൂ ഉദ്യോഗസ്ഥരും പങ്കെടുത്തു.ചിന്നക്കടയിൽ അടിപ്പാത നിർമാണത്തിന് റെയിൽവേ വിട്ടുകൊടുക്കേണ്ട സ്ഥലം, മെമു യാർഡ് നിർമിക്കാൻ കോർപറേഷൻ റെയിൽവേയ്ക്ക് കൈമാറേണ്ട ടി.എം.വർഗീസ് സ്മാരക പാർക്കിലെ സ്ഥലം, കോർപ്പറേഷൻ ബസ് ടെർമിനൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന എസ്എംപി പാലസിന് സമീപത്തെ സ്ഥലം, പള്ളിക്കട കോളനിയിൽ റെയിൽവേയുടെ ഭൂമി എന്നിവ ഇന്നലെ അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി.

റെയിൽവേ ഗുഡ്സ് യാർഡിന് സമീപം ചരിത്ര സ്മാരകമായി റെയിൽവേയുടെ ഭൂമിയിൽ നിൽക്കുന്ന ചീന ക്കൊട്ടാരത്തിന് തകരാറൊന്നും സംഭവിക്കാത്ത രീതിയിലാണ് അടിപ്പാത നിർമാണത്തിനായി സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളത്.ഇതിന്റെ അടിസ്ഥാനത്തിൽ അടിപ്പാത നിർമാണം സംബന്ധിച്ച സ്കെച്ചും പ്ലാനും തയാറാക്കി റെയിൽവേ ജനറൽ മാനേജരുടെ അനുമതിക്കായി അയയ്ക്കും. അദ്ദേഹത്തിന്റെ അനുമതി സാങ്കേതികമായി ലഭിക്കുന്നതിന് മുമ്പുതന്നെ പാതയുടെ പണികൾ ആരംഭിക്കാൻ കഴിയുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.ഇപ്പോഴത്തെ സാഹചര്യത്തിൽ പത്തു ദിവസത്തിനുള്ളിൽ റെയിൽവേ ജനറൽ മാനേജരുടെ അന്തിമ അംഗീകാരം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെയെങ്കിൽ അടുത്തയാഴ്ച മുതൽ അടിപ്പാത നിർമാണവുമായി കോർപ്പറേഷൻ അധികൃതർ മുന്നോട്ടുപോകും.

സർവേയിൽ റെയിൽവേ സെക്ഷൻ എൻജിനീയർമാരായ മാത്യു പണിക്കർ, എസ്. സുഗൈത്, ജൂണിയർ എൻജിനീയർ വിജയകുമാർ, കൊല്ലം തഹസീൽദാർ വിശ്വനാഥൻ, ഡപ്യൂട്ടി തഹസീൽദാർ ഭുവനചന്ദ്രൻപിള്ള, ഹെഡ് സർവേയർ ബി.അനിൽ, കോർപ്പറേഷൻ സർവേയർ രാജേന്ദ്രൻ, കൊല്ലം വെസ്റ്റ് വില്ലേജ് ഓഫീസർ പ്രസേനൻ തുടങ്ങിയവർ സർവേ നടപടികളിൽ പങ്കെടുത്തു. അടിപ്പാതയ്ക്ക് സ്ഥലം അളക്കുന്ന വേളയിൽ മേയർ വി.രാജേന്ദ്രബാബുവും സ്ഥലം സന്ദർശിച്ചു.

ക്ഷേത്രത്തിലെ തീപിടിത്തം: വിജിലൻസ് അന്വേഷണം തുടങ്ങി

റാന്നി: രാമപുരം മഹാവിഷ്ണു ക്ഷേത്രത്തിന്റെ തിടപ്പള്ളി കത്തിനശിച്ച സംഭവവുമായി ബന്ധപ്പെട്ടു ദേവസ്വം വിജിലൻസ് സംഘം അന്വേഷണം ആരംഭിച്ചു.വിജിലൻസ് എസ്പി എൻ. സുഗതന്റെ നിർദേശ പ്രകാരം ഇന്നലെ സ്ഥലത്തെത്തിയ വിജിലൻസ് ഓഫീസർ ഹരീന്ദ്രനാഥാണ് തെളിവെടുപ്പു നടത്തിയത്. ക്ഷേത്രോപദേശക സമിതി പ്രസിഡന്റ് വിജയൻ കല്ലൂർ, കമ്മിറ്റിയംഗങ്ങൾ, മേൽശാന്തി കെ.എൻ. ശിവൻ എന്നിവരിൽ നിന്നും നാട്ടുകാരിൽ നിന്നും വിജിലൻസ് സംഘം തെളിവെടുത്തു.

തീപിടിത്തത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഭാഗമായി വൈദ്യുതി ഷോർട്ട് സർക്യൂട്ടിനുള്ള സാധ്യത സംഘം വിലയിരുത്തി. ക്ഷേത്രത്തിനു സമീപത്തെ പുതിയ ട്രാൻസ്ഫോർമറിൽ നിന്നും അധിക വൈദ്യുതി പ്രവഹിക്കാനുള്ള സാധ്യത പരിശോധിച്ചു. എന്നാൽ കെഎസ്ഇബി അധികൃതരുമായി നടത്തിയ ചർച്ചയിൽ ഇതിനുള്ള സാധ്യത കുറവാണെന്ന വിലയിരുത്തലാണുണ്ടായത്. തിടപ്പള്ളിക്കു സമീപമുള്ള ഊട്ടുപുരയിൽ നിന്നു തീ പടരാനുള്ള സാധ്യതയും സംഘം പരിശോധിച്ചു.ദേവസ്വം ബോർഡ് പ്രസിഡന്റ് എം.രാജഗോപാലൻ നായർ, വിജിലൻസ് എസ്പി എൻ.സുഗതൻ എന്നിവർ ക്ഷേത്രം സന്ദർശിക്കും.

ക്ഷേത്ര മതിലകത്തു കണ്ട അപരിചിതനായ മധ്യവയസ്കനെ പോലീസ് കസ്റ്റഡിയിലെടുത്തു ചോദ്യം ചെയ്തു വിട്ടയച്ചു.മണിമല സ്വദേശിയായ ഇസ്മായിൽകുട്ടി (38)യെയാണ് ക്ഷേത്രവിശ്വാസികൾ തടഞ്ഞുവയ്ക്കുകയും പോലീസിനെ ഏല്പിക്കുകയും ചെയ്തത്. കോഴഞ്ചേരി സിഐ ശിവസുതൻ പിള്ള ഇയാളെ ചോദ്യം ചെയ്യുകയും മണിമലയിലെത്തി അന്വേഷിക്കുകയും ചെയ്തു. സെക്യൂരിറ്റി ജോലിക്കായി കോഴഞ്ചേരിയിലെത്തിയതായി പറയുന്ന ഇയാളുടെ വീട്ടിൽ നിന്നും ബന്ധുക്കളെ വരുത്തി നാട്ടിലേക്കു തിരിച്ചയക്കുകയായിരുന്നു.ഇയാളുടെ മനോനില തകരാറിലായതിനേ തുടർന്ന് അടുത്തകാലത്തു ചികിത്സയ്ക്കു വിധേയനായിട്ടുണ്ടെന്നും പോലീസ് പറഞ്ഞു.

കയർപിരി മേഖല തകർച്ചയിലേക്ക്

ചേർത്തല: ലക്ഷക്കണക്കിനാളുകൾക്ക് അന്നം നൽകിയിരുന്ന കയർമേഖല തകർച്ചയിലേക്ക് നീങ്ങുന്നു. കോടികളുടെ വിദേശനാണ്യം നേടിത്തരുന്ന കയർമേഖലയെ സഹായിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശാശ്വതമായ ഒരു നടപടിയും ഉണ്ടാവുന്നില്ല. ഇപ്പോൾ കയർമേഖല നേരിടുന്ന പ്രധാന വെല്ലുവിളി ചകിരിയുടെ ലഭ്യതകുറവാണ്. നാട്ടിൽ ചകിരി കിട്ടാത്തതിനാൽ അന്യനാടുകളിൽ നിന്നും വൻ വിലയ്ക്കാണ് ചകിരി എടുക്കുന്നത്. ഇതുമൂലം ചകിരിയുപയോഗിച്ച് നിർമിക്കുന്ന കയറുൾപ്പെടെയുള്ള വസ്തുക്കൾക്കും വൻ തോതിൽ വില വർധിച്ചിരിക്കുകയാണ്. എന്നാൽ ഉത്പന്നങ്ങളുടെ വില വർധന കയർപിരിക്കുന്ന തൊഴിലാളികൾ യാതൊരു തരത്തിലുള്ള വേതന വർധനവും വരുത്തുന്നില്ല. ഇപ്പോഴും ഇവർക്ക് നാമമാത്രമായ കൂലിയാണ് ലഭിക്കുന്നത്.

അത് മറ്റു മെച്ചപ്പെട്ട തൊഴിലുകൾ തേടാൻ കയർപിരി തൊഴിലാളികളെ പ്രേരിപ്പിക്കുന്നു. കേന്ദ്ര തൊഴിലുറപ്പ് പദ്ധതി വന്നതോടെ മെച്ചപ്പെട്ട കൂലി ലഭിക്കാൻ തുടങ്ങി. ഇതിനാൽ കയർ പിരിക്കാൻ ആളെ കിട്ടാത്ത അവസ്ഥയാണ്. കയർ പിരി മേഖലയിൽ പ്രവർത്തിക്കുന്നത് ഒട്ടുമുക്കാലും സ്ത്രീകളാണ്. ഇവർ പരമ്പരാഗതമായി തൊണ്ടുതല്ലിപിരിക്കുന്നവരാണ്. എല്ലാ മേഖലയിലും കൂലി വർധനവ് നടപ്പാക്കുന്നുണ്ടെങ്കിലും ഇവർക്ക് കൂലി വർധനവെന്നത് കിട്ടാക്കനിയാണ്. മന്ത്രിമാർ ഇടയ്ക്ക് വന്ന് വാഗ്ദാനങ്ങൾ നൽകി പോകുന്നുണ്ടെങ്കിലും ഒരു നടപടിയും ഇക്കാര്യത്തിൽ ഗവൺമെന്റ് കൈക്കൊണ്ടിട്ടില്ല. 75 ശതമാനത്തോളം കയർപിരി സൊസൈറ്റികളും ഇടതുപക്ഷത്തിന്റെ നിയന്ത്രണത്തിലാണ്. ഇവിടെ ഉല്പാദിപ്പിക്കുന്ന കയർ മുഴുവനും വലിയ കമ്പനികൾക്ക് വേണ്ടി ശേഖരിക്കപ്പെടുകയാണ്.

ഇതുമൂലം പരമ്പരാഗതമായി വീടുകളിൽ പ്രവർത്തിക്കുന്ന തറികളും ചെറുകിട കയർ ഫാക്ടറികൾക്കും കയർ ലഭിക്കാത്ത അവസ്ഥ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. ഇതുമൂലം ആയിരക്കണക്കിന് ചെറുകിട കയർഫാക്ടറികൾ അസംസ്കൃത വസ്തുക്കളില്ലാതെ മാസങ്ങളായി അടഞ്ഞുകിടക്കുന്നു. പരമ്പരാഗതമായി കയറുമായി ബന്ധപ്പെട്ട് തൊഴിലുകൾ ചെയ്യുന്ന തൊഴിലാളികൾക്ക് മാസങ്ങളായി പണിയില്ല. മറ്റു തൊഴിലുകളൊന്നുമറിയാത്തതിനാൽ ഇവർ പട്ടിണിയിലേക്ക് നീങ്ങുകയാണ്.

ചെറുകിട ഫാക്ടറികൾ തുടങ്ങുന്നതിന് ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണെടുത്തവർ ഫാക്ടറികൾ പ്രവർത്തിക്കാനാവാത്തതിനാൽ ലോൺ തുക തിരിച്ചടയ്ക്കാനാവാതെ ജപ്തി ഭീഷണി നേരിടുകയാണ്. ഇത്രയേറെ തകർച്ചയുടെ വക്കിൽ കയർ മേഖല എത്തിയിട്ടും മേഖലയിലെ യഥാർഥ പ്രശ്നങ്ങൾ കാണാതെ കയറിന്റെ പേരിൽ കോടികൾ മുടക്കി വലിയ പരിപാടികൾ സംഘടിപ്പിച്ച് അധികാരവർഗം സർക്കാരിന്റെ പണം ധൂർത്തടിക്കുകയാണെന്ന് തൊഴിലാളികൾ കുറ്റപ്പെടുത്തുന്നു.

എടിഎമ്മിലെ മോഷണം പോലീസിന് തലവേദനയാകുന്നു

ആലപ്പുഴ: ആലപ്പുഴ കോൺവെന്റ് സ്ക്വയറിലെ ഫെഡറൽ ബാങ്ക് ശാഖയുടെ എടിഎമ്മിൽ നിന്നും 11 ലക്ഷം രൂപ മോഷണം പോയ സംഭവത്തിന്റെ അന്വേഷണം പോലീസിന് തലവേദനയാകുന്നു.ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എടിഎമ്മിൽ അത്യന്താധുനിക തന്ത്രങ്ങൾ പ്രയോഗിച്ചാണ് മോഷ്ടാക്കൾ പണം അപഹരിച്ചത്. മോഷണം തടയുന്നതിന് എടിഎമ്മിലുണ്ടായിരുന്ന എല്ലാ മുൻകരുതലുകളേയും പരിഹസിക്കുംവിധമാണ് ഇരുചെവിയറിയാതെ മോഷ്ടാക്കൾ പണാപഹരണം നടത്തിയത്. കാർഡ് ഉപയോഗിക്കുകയോ പൂട്ട് തകർക്കുകയോ ചെയ്യാതെയാണ് യന്ത്രത്തിനുള്ളിലെ പണം അപഹരിക്കപ്പെട്ടത്.

2009 മാർച്ച് 21 നായിരുന്നു സംഭവം. എടിഎം കൗണ്ടറിൽ നിറയ്ക്കാൻ കൊണ്ടുവന്ന അഞ്ചര ലക്ഷവും കൗണ്ടറിലുണ്ടായിരുന്ന അഞ്ചര ലക്ഷവുമാണ് നഷ്ടപ്പെട്ടത്. മുംബൈ കേന്ദ്രീകരിച്ചുള്ള സ്വകാര്യ ഏജൻസിക്കായിരുന്നു പണം നിറയ്ക്കാനുള്ള ചുമതല. സ്വാഭാവികമായും ഈ സ്ഥാപനത്തിലെ ജീവനക്കാരാണ് ആദ്യം സംശയത്തിന്റെ നിഴലിലായത്. എന്നാൽ ഇവരെ നിരന്തരമായി ചോദ്യം ചെയ്തിട്ടും പോലീസിന് യാതൊരു വിവരവും ലഭിച്ചില്ല. ഒടുവിലിവരെ നുണ പരിശോധനയ്ക്ക് വിധേയരാക്കുകയും ചെയ്തു. എന്നാൽ പരിശോധനാഫലവും കുറ്റാരോപിതർക്ക് അനുകൂലമായിരുന്നു. കൗണ്ടറിൽ പണം സൂക്ഷിക്കുന്നതിന് രണ്ട് അറകളാണുള്ളത്.

നാല് താക്കോലുകളാണിതിനുണ്ടായിരുന്നത്. താക്കോൽ ഉപയോഗിച്ചാൽ പോലും 12 അക്കങ്ങളുള്ള രഹസ്യ കോഡ് ഉപയോഗിച്ച് മാത്രമേ കൗണ്ടർ തുറക്കാൻ കഴിയുമായിരുന്നുള്ളു. മാത്രവുമല്ല പണം നിറച്ച കാസറ്റ് എന്ന വിളിക്കപ്പെടുന്ന ട്രേ നീക്കം ചെയ്യാൻ ശ്രമിച്ചാൽ ഉടൻ തന്നെ ബാങ്കിന്റെ ഹെഡ് ഓഫീസിൽ വിവരം അറിയുന്നതിനുള്ള സംവിധാനവുമൊരുക്കിയിരുന്നു.

ഇത്രയൊക്കെയായിട്ടും കവർച്ചയെപ്പെറ്റി നാളിതുവരെ കൃത്യമായ സൂചനകൾ പോലീസിന് ലഭിച്ചിട്ടില്ല.സൗത്ത് സിഐ വി.കെ സനൽ കുമാറിന്റെ നേതൃത്വത്തിൽ അന്വേഷണം വീണ്ടും ഊർജിതപ്പെടുത്തിയിട്ടുണ്ട്. ഒട്ടേറെ സാങ്കേതിക പ്രശ്നങ്ങളുള്ളതിനാൽ സാങ്കേതിക വിദഗ്ധരുടെ സേവനം അന്വേഷണത്തിന് പ്രയോജനപ്പെടുത്തുമെന്ന് സി.ഐ സനൽകുമാർ പറഞ്ഞു.

കൊടിക്കുന്നിൽ സുരേഷ് എം.പി.കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തലയെ സന്ദർശിച്ചപ്പോൾ